# തൂലിക

Newsletter of
Jesus Youth
*Dubai*
Issue 562
21 June 2019
www.thoolikaa.net




## സാന്ത്വനത്തിന്റെ കണ്ണുനീർ...
## സാമിപ്യത്തിന്റെ തലോടൽ...

പേജ് 4 കാണുക

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന്
നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്."

*മത്തായി 25:40*




ലക്കം 562
21 ജൂൺ 2019

# തൂലിക
ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്



## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | ടിൻസി 56 4897592<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | ആന്റോ 056 532 2165<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | സുനിൽ 050 1470885<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 056 9645184<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658<br>ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള<br>050 9414120<br>തിങ്കൾ 8:30 pm 09:30 pm |
| മുത്തീന | ജോജോ തോമസ്<br>052 1158226<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | പ്രിൻസ് ജോർജ്ജ്<br>052 7087623<br>ഞായർ 8:30 pm 9:45 pm |
| സത്‌വ | സെബി 0554 4207201<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | സബിൻ 052 8838576<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | റീഗൻ 052 2011701<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044<br>വ്യാഴം 10:00 pm 11:00 pm |

## ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |

## മൊഴിമുത്തുകൾ

"ഒരു ജീവിതകാലം മുഴുവനും നാം മുട്ടിക്കൊണ്ടിരുന്ന വാതിൽ അവസാനം തുറന്നു തന്നു എന്നാണ് നിത്യമഹത്ത്വത്തിന്റെ അർത്ഥം."

സി. എസ്. ലേവിസ്
(1898-1963)

# നല്ല അയൽക്കാരൻ



പലതരത്തിലുള്ള വാർത്തകളാണ് ഓരോ ദിവസവും മാധ്യമങ്ങളിൽ കാണുന്നത്. ഉള്ളിൽ സന്തോഷം നിറയ്ക്കുന്നതും മനസ്സു മടുപ്പിക്കുന്നതുമായവ അതിൽ ഉൾപ്പെടുന്നുണ്ട്. മടുപ്പിക്കുന്ന കാര്യങ്ങൾ മറക്കുവാൻ നാം പഠിച്ചേ പറ്റൂ. കുറച്ചു നാളുകൾക്ക് മുമ്പ് സന്തോഷം നല്കുന്ന ഒരു വാർത്ത കാണുവാൻ ഇടയായി. നഗരത്തിലെ തിരക്കേറിയ ഒരു വഴി. വാഹനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചീറിപ്പായുന്നു. ഒരു ഉച്ചസമയത്തു പ്രായമായ ഒരു സ്ത്രീ റോഡിന്റെ മറുവശത്തേക്ക് കടക്കുവാൻ കാത്തു നില്ക്കുകയാണ്. പ്രായാധിക്യം മൂലം കാഴ്ച്ചയ്ക്ക് അല്പം കുറവുള്ള അവർ ആ പൊരിവെയിലിൽ ക്ലേശിച്ചു നില്ക്കുമ്പോൾ യുവാക്കളും കുട്ടികളുമെല്ലാം അവരെ ഒന്ന് നോക്കുകപോലും ചെയ്യാതെ റോഡ് മുറിച്ചുകടന്നു പോകുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ സീബ്രാക്രോസിന് ഇരുവശങ്ങളിലുമായി വാഹനങ്ങൾ പെട്ടെന്ന് നിന്നു. വാഹനങ്ങൾ കടന്നുവരാതിരിക്കുവാനായി കൈകൾ ഇരുവശത്തേക്കും നിവർത്തിപ്പിടിച്ചുകൊണ്ട് ഒരാൾ ആ സ്ത്രീയുടെ അടുത്തെത്തി. അയാൾ അവരുടെ കൈകളിൽ പിടിച്ചുകൊണ്ട് അവരെ സുരക്ഷിതമായി റോഡിന് മറുവശത്തെത്തിച്ചു. നന്ദി പറയുവാനായി ആ അമ്മ തിരിഞ്ഞു നോക്കുമ്പോഴേക്കും മാനസികമായി അല്പം പ്രശ്നമുള്ള അയാൾ ആളുകൾക്കിടയിൽ മറഞ്ഞിരുന്നു.

എന്റെ പ്രിയപ്പെട്ടവരെ, ഇന്ന് നാം ഉൾപ്പെടുന്ന സമൂഹം ആ അമ്മയെപ്പോലെയുള്ള പലരെയും മറികടന്നുകൊണ്ട് തിടുക്കത്തിൽ ഓടുകയാണ്. അവരെ ഒന്ന് സഹായിക്കുവാനോ, എന്തിന് ഒന്ന് തിരിഞ്ഞുനോക്കുവാൻപോലും സമയം ഇല്ലാത്തവിധം തിരക്കാണ് എല്ലാ അനുഗ്രഹവും സ്വന്തമാക്കിയ എല്ലാവർക്കും. എന്നാൽ, നമുക്കു ദൈവം തന്നിരിക്കുന്ന അനുഗ്രഹങ്ങളുടെ അവകാശികൾ വേറെയുണ്ടെന്നു നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ കരുതൽ ആവശ്യമുള്ളവർ നമ്മെ തേടിവരുന്നതിനുമുമ്പേ അവർക്കിടയിലേക്ക് കടന്നുചെല്ലുവാനുള്ള ആത്മാവിന്റെ പ്രചോദനത്തിനു നാം ഉത്തരം നല്കേണ്ടിയിരിക്കുന്നു. കരയുന്നവനോട് സഹതാപവാക്കുകൾ പറയുന്നതിനേക്കാൾ അവന്റെ കണ്ണീർ തുടയ്ക്കുവാൻ നമ്മുടെ കരങ്ങൾ നീളുമ്പോളാണ് നാമൊക്കെയും ക്രൂശിതന്റെ ആഗ്രഹമായ നല്ല അയല്ക്കാരനായി മാറുക.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പരിശുദ്ധ അമ്മ എലീശാമ്മയെ ശുശ്രൂഷിക്കുവാൻ തിടുക്കത്തിൽ പുറപ്പെട്ടതുപോലെ, നമുക്കും ആത്മാവിന്റെ നിറവിനാൽ നമ്മുടെ ആവശ്യമുള്ളവരിലേക്ക് ആവശ്യമുള്ള സമയത്തു കടന്നുചെല്ലാം. അവന്റെ കരങ്ങൾക്ക് ശക്തിപകരാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനകളോടെ,
റിജോ മണിമല
എഡിറ്റർ



# ഇന്നിന്റെ നല്ല സമറായൻ

*ലേഖനം: **മൊബിന ബേബി***

ആത്മാഭിഷേകത്തിന്റെ നീരുറവ നമ്മിൽ ഉടലെടുത്താൽ അത് ആത്മഫലങ്ങളുടെ ജീവജലനദിയായി കവിഞ്ഞൊഴുകാൻ തുടങ്ങും. അതുകൊണ്ടുതന്നെയാണ് അപരന്റെ സങ്കടങ്ങളിൽ അവനെ സാന്ത്വനിപ്പിക്കാനും മറ്റുള്ളവരുടെ സന്തോഷങ്ങളിൽ അവരോടൊപ്പം പങ്കുചേരാനുള്ള കരുണയുടെ കൃപാവർഷം ആത്മനിറവുള്ളവർക്ക് ലഭ്യമാകുന്നത്. നിസ്വാർത്ഥസേവനത്തിന്റെ മാതൃകകൾകൊണ്ട് ക്രിസ്തുവെന്ന ഗുരുനാഥനെ പിന്തുടർന്ന മദർതെരേസയും ഫാ. ഡാമിയനും ഫ്രാൻസിസ് അസീസിയും നമുക്ക് കാണിച്ചുതരുന്നത് പാവങ്ങളോടുള്ള സമീപനത്തോടുള്ള ആത്മനിറവിന്റെ പാഠങ്ങളാണ്.

അത്യുന്നതന്റെ ശക്തി തന്റെ മേൽ നിഴലിടുകയും പരിശുദ്ധാത്മാവ് ആവസിക്കുകയും ചെയ്തപ്പോൾ പരി. അമ്മ ആദ്യം ചെയ്തത് ആറുമാസം ഗർഭണിയായ തന്റെ ബന്ധു എലിസബത്തിനെ ശുശ്രൂഷിക്കുവാൻ പുറപ്പെട്ടു എന്നതായിരുന്നു. കാലം തെറ്റിയ കാരുണ്യവർഷം നനഞ്ഞ അവരിരുവരുടെയും സമാഗമം ഉദരത്തിലുള്ള ശിശുക്കളിലും പ്രതിഫലിക്കുന്നതായി വചനം രേഖപ്പെടുത്തുന്നു.

**പാവങ്ങളോടുള്ള പക്ഷംചേരൽ - ക്രൈസ്തവവീക്ഷണത്തിൽ**

ശുശ്രൂഷാ മനോഭാവം- നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. പത്തുകല്പനകൾ വിശകലനം ചെയ്യുമ്പോൾ ക്രിസ്തു പഠിപ്പിച്ചത് പരസ്നേഹത്തിന്റെ ദൈവികഭാഷയാണ്. ബലിയല്ല കരുണയുടെ പ്രാധാന്യം എന്നവിടുന്ന് കാണിച്ചുതന്നു. ആവശ്യമുള്ളവനു ആവശ്യമുള്ള സമയത്ത് ആവശ്യമായ കൈത്താങ്ങലുകൾ നൽകുന്നവനാണ് നല്ല അയൽക്കാരൻ എന്നവൻ നല്ല സമറായന്റെ ഉപമയിലൂടെ പഠിപ്പിച്ചു. അതുകൊണ്ടുതന്നെ നമ്മുടെ ഭക്തി കേവലം പ്രാർത്ഥനാജപങ്ങളിലോ അധരവ്യായാമങ്ങളിലോ പരസ്യപ്രകടനങ്ങളിലോ ഒതുങ്ങുന്നുവെങ്കിൽ നാമെല്ലാവരും വെള്ളപൂശിയ ശവക്കല്ലറകൾക്കു തുല്യരാണ്. കാണപ്പെടുന്ന സ്വന്തം സഹോദരനെ ചേർത്തുപിടിക്കാൻ കഴിയാത്തവൻ, അദൃശ്യനായ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നത് കാപട്യമാണ്. അതുകൊണ്ടുതന്നെയാണ് തിരുസഭ കാരുണ്യപ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്നതും ജീസസ്സ് യൂത്തിന്റെ 6 സ്തംഭങ്ങളിൽ ഒന്നായി പാവങ്ങളോടുള്ള പക്ഷംചേരൽ പരിശുദ്ധാത്മാവ് നൽകിയിട്ടുള്ളതും.

**സാമീപ്യത്തിന്റെ തലോടൽ**

താരപരിവേഷമുള്ള സൂപ്പർസ്റ്റാറായ ക്രിസ്തുവിനെ ഒരു നോക്കുകാണുവാനുള്ള സക്കേവൂസിന്റെ തീവ്രമായ ആഗ്രഹത്തോടൊപ്പം താൻ കുള്ളനും ചുങ്കക്കാരനും എല്ലാവരാലും വെറുക്കപ്പെടുന്നവനാണെന്നുമുള്ള അപകർഷതാബോധം കൂടിയാണ് അവനെ സിക്കമൂർ മരത്തിന് മുകളിലേയ്ക്ക് കയറ്റിയത്. ഇന്നത്തെ യുവജനങ്ങൾക്കിടയിലെ നിശബ്ദനായ കൊലയാളിയാണ് വിഷാദം (depression). പണത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള പരക്കംപാച്ചിലിനിടയിൽ ഒറ്റപ്പെടലിന്റെ ഇരുളിൽ മറഞ്ഞിരിക്കുന്ന നമ്മുടെ സുഹൃത്തുക്കളെ പേരുചൊല്ലി വിളിക്കാനും അവരോടൊപ്പം അൽപ്പസമയം ചെലവിടാനും നല്ലൊരു കേൾവിക്കാരനാകാനും നമുക്ക് കഴിയുന്നതും ആത്മാഭിഷേകത്തിന്റെ അടയാളമാണ്. കരുണയുടെ പക്ഷംചേരലാണ്. വാർദ്ധക്യവും നമ്മോട് ആവശ്യപ്പെടുന്നത് ഈ സാമീപ്യത്തിന്റെ സന്ദർശനമാണ്.

**സാന്ത്വനത്തിന്റെ കണ്ണുനീർ**

സ്വസഹോദരന്റെ മരണത്തിൽ അലമുറയിട്ട മാർത്തയോടും മറിയയോടുമൊപ്പം കണ്ണുനീർവാർത്ത ദൈവപുത്രൻ നമ്മെ പഠിപ്പിക്കുന്നത് ആശ്വാസത്തിന്റെ ഉറവിടമായി നാമും മാറണമെന്നാണ്. അനാഥരായ ആ സഹോദരിമാരുടെ ദുരവസ്ഥയിൽ കരളലിഞ്ഞ് അത്ഭുതം പ്രവർത്തിക്കുന്ന നാഥനെപ്പോലെ പ്രിയപ്പെട്ടവരുടെ വേർപാടിലോ രോഗാവസ്ഥയിലോ നിരാശരും വേവലാതിപൂണ്ടവരുമായ നമുക്കു ചുറ്റുമുള്ളവർക്ക് കൈത്താങ്ങായി നാം മാറേണ്ടതുണ്ട്.
സാമ്പത്തിസഹായങ്ങൾക്കൊപ്പം ആത്മധൈര്യത്തിന്റെ ദൈവവചനങ്ങളും നാം കൈമാറേണ്ടതുണ്ട്.

**സമാധാനത്തോടെ പൊയ്ക്കൊൾക**

സമൂഹമധ്യേ വ്യഭിചാരിണിയെന്ന് മുദ്രകുത്തപ്പെട്ട് മരണത്തിന്റെ കൂർത്തകൽച്ചീളുകളാൽ മുറിവേൽക്കപ്പെട്ട മറിയം മഗ്ദലനയെ കപടസമൂഹത്തിന്റെ കരങ്ങളിൽ നിന്നും രക്ഷപ്പെടുത്തിയ ക്രിസ്തു അവൾക്കുനേരെ വീണ്ടും

*തുടർച്ച... പേജ് 8*

# വി. ജൂലിയാ ഫൽക്കോനിയേരി (1270-1341)



ഫ്ളോറൻസിലെ ഒരു കുലീന കുടുംബത്തിലാണ് ജൂലിയാ ജനിച്ചത്. മാതാപിതാക്കൾ ദീർഘകാലം പ്രാർത്ഥിച്ചിട്ടു ലഭിച്ച സന്താനമാണ് ജൂലിയാ. ചെറുപ്പം മുതലേ ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ ജൂലിയായ്ക്ക് ഇഷ്ടമായിരുന്നു. സാധാരണ പെൺകുട്ടികൾ പരിശീലിച്ചിരുന്ന തയ്യൽ, നെയ്ത്ത് മുതലായവയോട് ജൂലിയാ ഒട്ടും താല്പര്യം പ്രദർശിപ്പിച്ചില്ല. അത് അമ്മയെ രോഷാകുലയാക്കി. കോപം പൂണ്ട് അമ്മ ജൂലിയായോട് പറഞ്ഞു "നീ വളർന്നു വരുമ്പോൾ ഒരു ഭാര്യയും അമ്മയുമായിരിക്കുവാൻ തികച്ചും അപര്യാപ്തയായിരിക്കും." ജൂലിയാ അതിൽ അസ്വസ്ഥയായില്ല. 15 വയസ്സായപ്പോൾ അവൾ പറഞ്ഞു: "എനിക്ക് ഒരു ഭർത്താവിനെയും വേണ്ട; ഞാൻ ദൈവത്തിന്റെ സ്വന്തമായിരിക്കാൻ ആഗ്രഹിക്കുന്നു."

വി. ഫിലിപ്പ്ബെനീസി, മൂന്നാം സഭക്കാരിയായ ഒരു ശുശ്രൂഷകയുടെ അർപ്പിത വസ്ത്രം ജൂലിയായെ ധരിപ്പിച്ചു. അവർ വീട്ടിൽതന്നെയാണ് താമസിച്ചിരുന്നത്. ജൂലിയായ്ക്ക് 34 വയസ്സുള്ളപ്പോൾ അമ്മ നിര്യാതയായി. അധികം താമസിയാതെ സമാനചിന്താഗതിയുള്ള സ്ത്രീകളുടെ ഒരു ഭവനം അവൾ സ്ഥാപിച്ചു. അതാണ് സാവകാശം സെർവൈറ്റു സിസ്റ്റേഴ്സിന്റെ സഭയായി രൂപപ്പെട്ടത്. പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും സമയം ചിലവഴിച്ച ജൂലിയ എല്ലാവർക്കും ആവശ്യാനുസൃതം സഹായഹസ്തം നീട്ടുകയുണ്ടായി.

ദിവ്യകാരുണ്യനാഥനുമായുള്ള അവളുടെ വ്യക്തിബന്ധവും സ്നേഹവും പ്രകടമാക്കുന്ന ഏറ്റവും വലിയ സംഭവം അവളുടെ മരണത്തോട് അനുബന്ധിച്ചുണ്ടായതാണ്. അവൾ അനുഷ്ഠിച്ച നിരവധി ഉപവാസങ്ങളുടെ ഫലമായി അവളുടെ ഉദരം ശരിയായി പ്രവർത്തിക്കാതായി. ഭക്ഷണം ദഹിപ്പിക്കാൻ അവൾക്കു കഴിവില്ലെന്നു മനസ്സിലായതുകൊണ്ട്, രോഗീലേപനത്തിന്റെ ഒരു ഭാഗമായിട്ടുപോലും അവൾക്കു ദിവ്യകാരുണ്യം(തിരുപ്പാഥേയം) നല്കുക ഉചിതമല്ലെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ദിവ്യകാരുണ്യം സ്വീകരിക്കാൻ സാധിക്കാത്തതിൽ അസ്വസ്ഥചിത്തയായ ജൂലിയാ, ദിവ്യകാരുണ്യം തന്റെ സമീപത്തേയ്ക്ക് കൊണ്ടുവരാൻ വൈദീകനോട് അഭ്യർത്ഥിച്ചു. അപ്രകാരം വൈദീകൻ ചെയ്തപ്പോൾ ദിവ്യകാരുണ്യ ഈശോ കൊടുത്ത സ്നേഹ

*തുടർച്ച... പേജ് 10*

## പരിശ്രമിക്കാം... വിജയിക്കാം... (സെബിൻ പോൾ)

ഒരു പുരയിടത്തിൽ കുറച്ചു തവളക്കൂട്ടങ്ങൾ ചാടി കളിക്കുന്നു. അതിനിടെ രണ്ടു തവളകൾ വലിയൊരു കുഴിയിൽ വീണു പോയി. ചാട്ടംപിഴച്ച് കുഴിയിൽ വീണുപോയ തവളകൾ വീണ്ടും കരയിൽ കയറുവാനായി മരണവെപ്രാളം തുടങ്ങി അവർ മുകളിലേക്ക് കയറുവാനായി ചാടികൊണ്ടിരുന്നു. മുകളിൽ നിന്നിരുന്ന തവളകളിൽ ചിലർ അവരെ പ്രോത്സാഹിപ്പിച്ചു. ചിലർ സഹതാപത്തോടെ നോക്കി നിന്നു. രക്ഷപെടുവാൻ ഒരു വഴിയുമില്ലെന്ന് തന്നെയായിരുന്നു മുകളിൽനിന്ന തവളകളുടെ ഭൂരിപക്ഷ അഭിപ്രായം. വീണുപോയ തവളകളെ കയറ്റാൻ പറ്റുന്ന ഒരു ആശയവും അവർക്ക് തോന്നിയില്ല. രക്ഷയില്ല കൂട്ടുകാരെ നിങ്ങളുടെ വിധി അതാണെന്ന് സമാധാനിച്ച് അവിടെ തന്നെ കിടന്നോ എന്നായിരുന്നു മുതിർന്ന ഒരു തവളയുടെ അഭിപ്രായം. വെറുതെ ചാടിച്ചാടി എന്നല്ലാതെ രക്ഷപെടുവാൻ മറ്റൊരു വഴിയുമില്ലെന്നു മനസ്സിലാക്കിയ ഒരു തവള ഒരു മൂലയ്ക്ക് കിടന്നുറങ്ങാൻ തുടങ്ങി. അപ്പോഴും മറ്റേ തവള ചാടി കൊണ്ടേയിരുന്നു.

ഒരു ഘട്ടത്തിൽ ആ തവള കുഴിയിൽ നിന്ന് ഉയർന്നുപൊങ്ങി കരയിലെത്തി. കൂട്ടുകാർ ആഹ്ലാദാരവം മുഴക്കി. രക്ഷപ്പെട്ട തവള കരയിൽനിന്നിരുന്നവരോരോട് നന്ദി അറിയിച്ചു. കരയിലുണ്ടായിരുന്ന തവളകൾ കുഴിയിൽ വീണ തവളകളെ ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ലല്ലോ. സത്യത്തിൽ കുഴിയിൽ വീണ അവരുടെ ആത്മവീര്യം അവർ തുടരെത്തുടരെ തകർക്കുകയായിരുന്നല്ലോ. ഒരിക്കലും രക്ഷപെടില്ല എന്നാണ് അവർ വിളിച്ചുപറഞ്ഞിരുന്നത്. വെറുതെ ഊർജ്ജം കളയാതെ വിധിക്ക് കീഴടങ്ങാൻ ആയിരുന്നല്ലോ അവരുടെ ഉപദേശം. എന്നാൽ കുഴിയിൽനിന്നും രക്ഷപ്പെട്ട തവള അവർ നിരുത്സാഹപ്പെടുത്തിയതൊന്നും കേട്ടില്ല. കാരണം ആ തവള ബധിരനായിരുന്നു. അത് വിചാരിച്ചത് കരയിൽനിന്നും വിളിച്ചുപറയുന്നവർ തന്നെ പ്രോത്സാഹിപ്പിക്കുകയാണെന്നാണ്. അവർ പറഞ്ഞതൊന്നും കേൾക്കാത്തതുകൊണ്ട് അവൻ വീണ്ടും വീണ്ടും മുകളിലേക്ക് ചാടികൊണ്ടിരുന്നു പരിശ്രമം വിജയമായി. എന്നാൽ, കുഴിയിൽകിടക്കുന്ന ചെവി കേൾക്കാവുന്ന തവളയ്ക്ക് കരയിൽനിന്നുള്ള നിരുത്സാഹപ്പെടുത്തലിൽ പ്രതീക്ഷ നഷ്ടപ്പെട്ടു. ആ തവള കുഴിയിൽതന്നെ തളർന്ന് കിടന്നപ്പോൾ മറ്റേത് രക്ഷപ്പെട്ടു.

പ്രിയപ്പെട്ടവരെ, എപ്പോഴും അവനവൻ ചെയ്യേണ്ടത് നാം ചെയ്യണം. നാം ചെയ്യേണ്ടത് ചെയ്തിട്ടും ഫലം കിട്ടിയില്ലെങ്കിൽ മാത്രമാണ് അതിനെ വിധി എന്നോ ഈശ്വരനിശ്ചയം എന്നു കരുതേണ്ടത്. നാം ശ്രമിക്കേണ്ടത് ശ്രമിക്കുക തന്നെ വേണം. എങ്കിൽ മാത്രമേ നമുക്ക് നമ്മെ ഉയർത്തുവാൻ കഴിയൂ. ഒരു വ്യക്തി ജീവിതത്തിൽ വിജയിക്കുമോ എന്നത് അയാൾ ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം നൽകുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. അയാൾ തന്റെ സമയവും ഊർജ്ജവും പ്രാർത്ഥനയോടെ വിനിയോഗിക്കുകയും മുന്നിട്ടിറങ്ങി പ്രവർത്തിക്കുകയും വേണം. പരാജയങ്ങളിൽ വേദനിച്ച് ജീവിതം വേണ്ടെന്നുവെച്ചവരല്ല. മറിച്ച്, പരാജയങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടവരാണ് വിജയികളായ ലോക മഹാന്മാർ. ജീവിതത്തിൽ വിജയം കണ്ടെത്തിയ അവരുടെ സ്വഭാവ വിശേഷങ്ങളിൽ പ്രധാനപ്പെട്ടതാണ് നിശ്ചയദാർഢ്യം. ജീവിത ലക്ഷ്യങ്ങളും സ്വപ്നങ്ങളും ഇവർ ഒരിക്കലും ഉപേക്ഷിക്കുകയില്ല. കഠിനാദ്ധ്വാനം ചെയ്യുവാനുള്ള കഴിവും ആത്മസമർപ്പണവും പ്രബുദ്ധതയും ഉണ്ടെങ്കിൽ ജീവിതവിജയം സുനിശ്ചിതമാണ്.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**310. പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾ ഏവയാണ്?**

ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം എന്നിവയാണ് പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾ. ഇവ വഴി പരിശുദ്ധാത്മാവ് ക്രൈസ്തവരെ "സ്ഥിരപ്പെടുത്തുന്നു." മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവരുടെ സ്വാഭാവിക കഴിവുകൾക്ക് അപ്പുറത്തുള്ള പ്രത്യേക ശക്തികൾ നല്കുന്നു. ഈ ലോകത്തിൽ ദൈവത്തിന്റെ പ്രത്യേക ഉപകരണങ്ങളാകാൻ അവസരം നല്കുകയും ചെയ്യുന്നു. (1830-1831,1845)

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: ഒരേ ആത്മാവു തന്നെ ഒരാൾക്കു വിവേകത്തിന്റെ വചനവും മറ്റൊരാൾക്ക് ജ്ഞാനത്തിന്റെ വചനവും നല്കുന്നു. ഒരേ ആത്മാവു തന്നെ ഒരുവനു വിശ്വാസവും വേറൊരുവന് രോഗശാന്തിക്കുള്ള വരവും നല്കുന്നു. ഒരുവന് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയും മറ്റൊരുവനു പ്രവചിക്കാൻ വരവും വേറൊരുവന് ഭാഷാവരവും വേറൊരുവന് വ്യാഖ്യാനത്തിനുള്ള വരവും അതേ ആത്മാവു തന്നെ നല്കുന്നു. (1 കോറി 12:8-10)

***ലേഖനം തുടർച്ച...***

കല്ലെറിയുന്നില്ല. പശ്ചാത്താപത്തിന്റെ കണ്ണുനീർ തന്റെ പാദങ്ങളിലേറ്റുവാങ്ങി പാപിനിയെ ചേർത്തുനിർത്തുകയായിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യം കുറ്റപ്പെടുത്തലുകളും അവഗണനകളും സഹതാപപ്രകടനങ്ങളും അല്ല ഒപ്പം നടക്കുന്ന സൗഹൃദങ്ങളുടെ സുരക്ഷയും വിശ്വാസവുമാണ്. വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിലെ ജിൻവാൽജിനെ സ്വീകരിച്ച ബിഷപ്പിന്റെ മനസ്സോടെയാവണം നാം അവരെ സ്നേഹിക്കേണ്ടത്. പാവങ്ങളോടുള്ള പക്ഷംചേരലിൽ പരിശുദ്ധാത്മാവിനാവശ്യം പണത്തിന്റെ ആധിക്യമല്ല, സ്നേഹത്തിന്റെ തൂവൽസ്പർശമാണ്. അതുകൊണ്ടുതന്നെ നിർബന്ധത്താലോ സങ്കടത്താലോ പരസ്യത്തിനോ വേണ്ടിയോ കാരുണ്യപ്രവർത്തികൾ നാം ചെയേണ്ടതില്ല. സന്തോഷത്തിലും സ്നേഹത്തിലുമാണ് നാം അത് ചെയേണ്ടത്. ആയാൽ പ്രിയമുള്ളവരേ, ഓരോ വി. ബലിയിലും പ്രവൃത്തിയാലും വിചാരത്താലും ഉപേക്ഷയാലും ഞാൻ പാപം ചെയ്തുപോയി എന്നേറ്റു പറയുമ്പോൾ ആവശ്യമുള്ളവനെ കണ്ടിട്ടും കാണാതെ കടന്നുപോകുന്നത്- അർഹനെ തള്ളിമാറ്റി അപഹസിക്കുന്നത്- ദൈവസന്നിധിയിൽ ശിക്ഷാവിധിയുണ്ടാകും എന്ന മുന്നറിയിപ്പാണെന്ന് ഓർക്കുക.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"ഗർവം നാശത്തിൻെറ മുന്നോടിയാണ്; വിനയം ബഹുമതിയുടെയും."

(സുഭാ.: 18:12)

# പ്രാർത്ഥനയുടെ അഭാവത്തിൽ ക്രൈസ്തവരായിരിക്കുവാൻ സാധിക്കില്ല: ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ സിറ്റി: പ്രാർത്ഥന പ്രാണവായുവാണെന്നും പ്രാർത്ഥനയുടെ അഭാവത്തിൽ ക്രൈസ്തവരായിരിക്കാൻ സാധിക്കില്ലായെന്നും ഫ്രാൻസിസ് പാപ്പയുടെ ഓർമ്മപ്പെടുത്തൽ. കഴിഞ്ഞ ദിവസം സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ പൊതുകൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പ. ഹൃദയങ്ങളെ വിശാലമാക്കുകയും വികാരവിചാരങ്ങളെ ക്രിസ്തുവിന്റേതിനു പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന പുതിയൊരു പന്തക്കുസ്താനുഭവം പകരാനായി കർത്താവിനോട് പ്രാർത്ഥിക്കാമെന്നും പാപ്പ സന്ദേശത്തിൽ കൂട്ടിച്ചേർത്തു.

തങ്ങളുടെ വാസസ്ഥലം പോലെയായി മാറിയിരിക്കുന്നതും ഐക്യത്തിന്റെ ഘടകമായ കർത്താവിന്റെ അമ്മയായ മറിയത്തിന്റെ സാന്നിദ്ധ്യമുണ്ടായിരിക്കുകയും ചെയ്ത ഊട്ടുമുറിയിൽ അപ്പസ്തോലന്മാർ, യേശുവിന്റെ ഉത്ഥാനന്തരം അമ്പതു ദിവസം കഴിഞ്ഞപ്പോൾ അവരുടെ പ്രതീക്ഷകളെയെല്ലാം മാറ്റിമറിക്കുന്ന സംഭവം ഉണ്ടാവുകയാണ്. എക്കാലത്തും ക്രിസ്തുശിഷ്യർക്ക് പ്രാണവായുവേകുന്ന ശ്വാസകോശമാകുന്ന പ്രാർത്ഥനയ്ക്കായി സമ്മേളിച്ചിരിക്കുകയായിരുന്ന അവരുടെ മദ്ധ്യത്തിലേയ്ക്ക് ദൈവം അതിശക്തിയോടെ കടന്നുവരികയും അവർ വിസ്മയത്തിലാഴുകയും ചെയ്തു. പ്രാർത്ഥന കൂടാതെ യേശുവിന്റെ ശിഷ്യനാകാൻ സാധിക്കുകയില്ല.

പ്രാർത്ഥനയുടെ അഭാവത്തിൽ നമുക്ക് ക്രൈസ്തവരായിരിക്കുവാനും സാധിക്കുകയില്ല. പ്രാർത്ഥന പ്രാണവായുവാണ്, ക്രിസ്തീയ ജീവിതത്തിന്റെ ശ്വാസകോശമാണ്. സഭ ജന്മം കൊള്ളുന്നത് പന്തക്കുസ്തായിൽ പടർന്നു പിടിക്കുന്ന സ്നേഹാഗ്നിയിൽ നിന്നുമാണ്. ഈ അഗ്നി പരിശുദ്ധാത്മാവിനാൽ പൂരിതമായ ഉത്ഥിതന്റെ വചനത്തിന്റെ ശക്തി ആവിഷ്കരിക്കുന്നു. നൂതനവും സനാതനവുമായ ഉടമ്പടി അധിഷ്ഠിതമായിരിക്കുന്നത് ശിലാഫലകത്തിൽ കൊത്തിയ നിയമങ്ങളിലല്ല. പ്രത്യുത, സകലത്തെയും നവീകരിക്കുകയും മാംസഹൃദയങ്ങളിൽ കുറിക്കുകയും ചെയ്യുന്ന പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തിലാണെന്നും പാപ്പ പറഞ്ഞു. അപ്പസ്തോലിക ആശീർവ്വാദത്തോടെയാണ് പൊതുകൂടിക്കാഴ്ചയ്ക്ക് സമാപനമായത്.

## പ്രാർത്ഥനാ സഹായം


Prayer Request

Name

Email : Will Not Publish

Phone : Will Not Publish

Message

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

---

### വിശുദ്ധരുടെ ജീവിതങ്ങൾ - തുടർച്ച (പേജ് 6)

ത്താൽ അവളുടെ ഹൃദയം ഉജ്ജ്വലിച്ചു. അതുകണ്ട് അവൾ വൈദീകനോട്, അവളുടെ ഹൃദയത്തിനു മുകളിൽ ഒരു വസ്ത്രം വിരിച്ചിട്ടു ദിവ്യകാരുണ്യം അതിന്മേൽ വയ്ക്കുവാൻ അഭ്യർത്ഥിച്ചു. അദ്ദേഹം അപ്രകാരം ചെയ്തപ്പോൾ അവളുടെ മുഖം പ്രകാശപൂരിതമാവുകയും. തിരുവോസ്തി അപ്രത്യക്ഷ്യമാകുകയും ചെയ്തു. ദിവ്യകാരുണ്യനാഥൻ അവളുടെ ഉള്ളിൽ ചെന്നതിന്റെ നിർവൃതിയോടുകൂടി എഴുപതാമത്തെ വയസ്സിൽ ജൂലിയാ നിത്യമായി കർത്താവിൽ ലയിച്ചു. ജൂലിയായ്ക്കനുഭവപ്പെട്ടതുപോലുള്ള ഉജ്ജ്വല ക്രിസ്തു സ്നേഹം അസാധാരണമാണ്. എങ്കിലും താദൃശമായ സ്നേഹ തീവ്രതയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നത് ആത്മീയ ഭോജനപ്രിയമല്ല. ആഴമേറിയ ക്രിസ്തുസ്നേഹം കൂടാതെ അവിടുന്നാഗ്രഹിക്കുന്നതുപോലെ നമുക്കവിടുത്തെയും, അയല്ക്കാരെയും വീരോചിതമായി സ്നേഹിക്കാൻ സാധ്യമല്ല. ഈശോയുടെ നേരെയുള്ള സ്നേഹത്താൽ ഉജ്ജ്വലിക്കാൻ വേണ്ടി വി. ജൂലിയായുടെ മാതൃകയും മാദ്ധ്യസ്ഥവും നമുക്കു തേടാം.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

**ദിവ്യബലി സമയം - മലയാളം**
സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721
ഫോർമേഷൻ - ഷാരോൺ 052 160 3818
*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

***"But if Christ is in you, then even though your body is subject to death because of sin, the Spirit gives life because of righteousness."***
***Romans 08:10***

യോഗ പോലുള്ള ക്രിസ്ത്യേതര
ധ്യാനസമ്പ്രദായങ്ങളെ കുറിച്ച് പഠിക്കുന്നതിനും
അവയുടെ സാധ്യതകളെ കുറിച്ച് ആരായുന്നതിനും
1976 – ൽ കൽക്കട്ടയിൽ കിഴക്കൻ രാജ്യങ്ങളിലെ
ബിഷപ്പുമാർ ഒരുമിച്ചുകൂടി.
വിശുദ്ധ മദർ തെരേസയെയും ക്ഷണിച്ചിരുന്നു.
മദർ തെരേസ ഈ വിഷയത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു...



**പ്രാർത്ഥന വളരെ ലളിതവും എളുപ്പവുമാണ്.
നിങ്ങൾ അതിനെ സങ്കീർണ്ണമാക്കരുത്.
പ്രാർത്ഥിക്കാൻ പഠിപ്പിക്കുവാൻ ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ
യേശു ശിഷ്യന്മാരെ ടെക്നിക്കുകൾ ഒന്നും പഠിപ്പിച്ചില്ല.
നാം ദൈവത്തോട്, പിതാവിനോട് ഒരു കുഞ്ഞ്
എന്നതുപോലെ സംസാരിക്കുവാൻ പഠിക്കണം.**

For Private Circulation (Within The Church Compound) Only

Jesus Youth DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net